# # Palakkad Police Action #

## <u>*അട്ടപ്പാടിയിൽ വൻ കഞ്ചാവ് വേട്ട*</u>

അട്ടപ്പാടിയിൽ വൻ കഞ്ചാവ് വേട്ട മേലെ ഭൂതയാർ കുള്ളാട് മലയിൽ ഏകദേശം 5 ഏക്കറോളം വരുന്ന മലഞ്ചെരുവിൽ ഏകദേശം 15000 കിലോയോളം തൂക്കം വരുന്ന വിളവെടുപ്പിന് പാകമായ വിപണിയിൽ ഏകദേശം 5 കോടിയിലധികം വിലവരുന്ന 5000 ത്തോളം കഞ്ചാവ് ചെടികളാണ് അഗളി ASP സുജിത്ത് ദാസ് IPS ഉം സ്കാഡും , തണ്ടർബോൾട്ട് സേനാംഗങ്ങളും ചേർന്ന് നശിപ്പിച്ചത് , സംസ്ഥാനത്ത് ആദ്യമായാണ് ഇത്രയും വലിയ കഞ്ചാവ് കൃഷി നശിപ്പിക്കുന്നത്.

അഗളി ASP ക്ക് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥനത്തിൽ ഇന്ന് പുലർച്ചെ നാല് മണിയോടെയാണ് ASP യും സംഘവും അഞ്ച് മണിക്കൂറിലധികം 6 മലകൾ താണ്ടിയാണ് കഞ്ചാവ് ചെടികൾ കൃഷി ചെയ്യുന്ന സ്ഥലം കണ്ടെത്തിയതും നശിപ്പിച്ചതും. കുത്തനെയുള്ള മലകളും അപകടകരമായ വെള്ളച്ചാട്ടങ്ങളും കനത്ത മഴയും അന്വേഷണത്തിന് വളരെയധികം പ്രതിസന്ധി ഉണ്ടാക്കി.



